LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പ്രസ്സുകളെ ഫാക്ടറി ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയ നടപടി

223 (1595) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗവൺമെന്റ് പ്രസ്സുകളെ ഫാക്ടറി ആക്ടിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) ഫാക്ടറി ആക്ടിൽനിന്ന് ഒഴിവാകുന്നതുകൊണ്ട് ഗവൺമെന്റ് പ്രസ്സ് ജീവനക്കാർക്ക് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്നതായ ഏതെല്ലാം ആനുകൂല്യങ്ങളാണ് നഷ്ടപ്പെടുന്നതെന്ന് വിശദീകരിക്കുമോ ;

(സി) ഗവൺമെന്റ് പ്രസ്സുകളിലെ ട്രേഡ് യൂണിയനുകൾ നൽകിയ പരാതികൾ പരിശോധിച്ച്, വീണ്ടും ഗവൺമെന്റ് പ്രസ്സുകളെ ഫാക്ടറി ആക്ടിന് കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

സർക്കാരിന്റെ 29-11-2014 തീയതിയിലെ ഉത്തരവ് (എംഎസ്.) നമ്പർ 916/2014/ഉവിവ നമ്പർ പ്രകാരം അച്ചടി വകുപ്പിനെ കെ.എസ്.ആർ. പരിധിയിൽ ഉൾപ്പെടുന്ന ഒരു പൂർണ്ണ സർക്കാർ വകുപ്പാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അച്ചടിവകുപ്പിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാർ കെ.എസ്.ആർ. പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റി റിട്ടയർ ചെയ്തതിനുശേഷം 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും തിരുവനന്തപുരം ജില്ല ലേബർ ഓഫീസർ ഇതു സംബന്ധിച്ച് അനുകൂല ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. അപ്രകാരം സർക്കാർ പ്രസ്സിലെ ജീവനക്കാർക്ക് KSR പ്രകാരവും 1972-ലെ ഗ്രാറ്റുവിറ്റി ആക്ട് പ്രകാരവുമുള്ള ആനുകൂല്യങ്ങൾ നൽകേണ്ടിവരുന്നത് സർക്കാരിന് വൻസാമ്പത്തിക ബാധ്യത യുണ്ടാക്കുമെന്ന് കണ്ടെത്തിയ സാഹചര്യത്തിലാണ് ഗവൺമെന്റ് പ്രസ്സുകളെ ഫാക്ടറി ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ബാധകമല്ല.